Page 1 of 2

തിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് മുടക്കം വലിയ തോതിൽ പരിഹരിക്കുവാനും ജനങ്ങളുടെ യാത്രാക്ലേശം കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്.

(ബി) വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നാല് ബോട്ടുകൾ ഓരോ സമയം കയറ്റിവച്ച് പണിയാവുന്ന പുതിയ സ്ലിപ്‌വേ ആലപ്പുഴയിൽ പണിപൂർത്തിയാക്കിക്കഴിഞ്ഞു. കൂടാതെ നിലവിലുണ്ടായിരുന്ന ആലപ്പുഴ, എറണാകുളം സ്ലിപ്‌വേകളിൽ ബോട്ടുകൾ കയറ്റുന്നതിന്, ഇലക്ട്രിക് വിഞ്ച് സ്ഥാപിച്ച തോടുകൂടി വലാസികളുടെ സഹായമില്ലാതെ തന്നെ ബോട്ടുകൾ വേഗത്തിൽ കയറ്റുന്നതിനും, റിപ്പയർ പണികൾ ത്വരിതപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. പുതിയ മൂന്ന് സർവ്വീസുകൾകൂടി ആരംഭിച്ചുകൊണ്ട് നിലവിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെയെല്ലാം സേവനം പൂർണ്ണമായും ഉപയോഗപ്പെടുത്തി സർവ്വീസ് നടത്തിവരുന്നു.

ജലഗതാഗത വകുപ്പിൽ ഇ-ഗവേർണൻസ്

151 (2271) **ശ്രീ. കെ. മുരളീധരൻ :**
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിൽ ഇ-ഗവേർണൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ഇതുവഴി ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ആയത് നടപ്പാക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട രീതിയിൽ വകുപ്പിന്റെ സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇ-ഗവേർണൻസ് നടപ്പിലാക്കിയിരിക്കുന്നത്. ഇതിന്റെ പ്രവർത്തനരീതിയും വിശദാംശങ്ങളും ചുവടെ ചേർത്തിരിക്കുന്നു:

1. 8-2-2010-ൽ ആണ് വകുപ്പ് വെബ്‌സൈറ്റ് ആരംഭിച്ചത്. വകുപ്പിന്റെ വെബ്‌സൈറ്റും, പോർട്ടലും കാലികമായി പരിഷ്കരിക്കുന്നതിനും, അതിലെ വിവരങ്ങൾ ആനുകാലികമായി നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇതിലേക്കായി ഒരു നോഡൽ ഓഫീസറെയും നിയോഗിച്ചിട്ടുണ്ട്.

2. വകുപ്പിന്റെ 14 സ്റ്റേഷൻ ഓഫീസുകളും കംപ്യൂട്ടറൈസ് ചെയ്യുകയും, ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. നിലവിൽ ഓപ്പറേറ്റ് ചെയ്യപ്പെടുന്ന 50 ബോട്ട് ഷെഡ്യൂളുകളിൽ ടിക്കറ്റ് വെൻഡിംഗ് മെഷീൻ സംവിധാനം ഇ-ഗവേർണൻസ് മുഖാന്തിരം നടപ്പിലാക്കി.

4. ജീവനക്കാരുടെ ഹാജരിന്റെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ ആസ്ഥാന ഓഫീസിലും, മേഖലാ കാര്യാലയങ്ങളിലും ഡോക്ക് ആന്റ് റിപ്പയർ വിഭാഗത്തിലും ഇ-ഗവേർണൻസിന്റെ ഭാഗമായി ബയോമെട്രിക് പഞ്ചിംഗ് ഏർപ്പെടുത്തി.

(സി) വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ബോട്ടുകളുടെ സമയ ക്രമങ്ങൾ, ബോട്ടുകൾ സഞ്ചരിക്കുന്ന റൂട്ടുകൾ, കാണാവുന്ന കാഴ്ചകൾ, പൗരാവകാശരേഖ, വിവരാവകാശത്തിനായി ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ, വകുപ്പിന്റെ ഘടനയും പ്രവർത്തനരീതിയും തുടങ്ങി വകുപ്പുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും പൊതുജനങ്ങൾക്ക് ഇതുവഴി അറിയുവാൻ സാധിക്കുന്നു. ടിക്കറ്റ് വെൻഡിംഗ് മെഷീൻ സംവിധാനം മുഖേന കൃത്യമായും കാലതാമസം കൂടാതെയും ടിക്കറ്റുകൾ നല്കാൻ കഴിയുന്നു.

(ഡി) വകുപ്പിന്റെ വെബ്സൈറ്റ് നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖാന്തിരം നടപ്പിലാക്കി. പഞ്ചിംഗ് സംവിധാനം കെൽട്രോൺ മുഖേന ഏർപ്പെടുത്തി സ്റ്റേഷൻ ഓഫീസ് കമ്പ്യൂട്ടർവൽക്കരണം, ബോട്ടുകളിലെ ടിക്കറ്റ് വെൻഡിംഗ് മെഷീൻ എന്നിവ സോഫ്റ്റ് ഖാന്റ് എന്ന ഏജൻസിവഴി നടപ്പിലാക്കി. കൂടാതെ വകുപ്പിന്റെ ഇൻവെന്ററി മാനേജ്മെന്റ് സംവിധാനം സി-ഡിറ്റ് മുഖാന്തിരം നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വൈക്കം തവണക്കടവ് ബോട്ട് സർവ്വീസ്

152 (2272) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം തവണക്കടവ് സർവ്വീസിനായി എത്ര ബോട്ടുകൾ അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) അവിടേക്ക് അനുവദിച്ചിട്ടുള്ള ബോട്ടുകളുടെ കാലപ്പഴക്കം എത്ര ; വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ബോട്ട് സർവ്വീസ് ലാഭകരമാണോ ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സർവ്വീസിന് കൂടുതൽ ബോട്ടുകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്ന് ബോട്ടുകൾ സർവ്വീസിനായും ഒരു ബോട്ട് സ്പെയർ ആയും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly